DESPATCHED
Cn. 26/11/21...

22/11/21



## സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
**തിരുവനന്തപുരം_695 001**

Email: sic.ker@nic.in

**ഹർജി നമ്പർ CP.No.433(1)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.10256/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി: 2021 നവംബർ 22**

ശ്രീമതി വത്സമ്മ കെ.പി.,
കല്ലോലിയ്ക്കൽ വീട്,
ശാന്തിപുരം പി.ഒ.,
ഇരുമ്പുകുഴി, കോട്ടയം.
} പരാതി ഹർജിക്കാരി

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സെക്രട്ടറി,
കറുകച്ചാൽ ഗ്രാമപഞ്ചായത്ത്,
കറുകച്ചാൽ പി.ഒ.,
കോട്ടയം – 686 540
} എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 18/05/2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 21/06/2021 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 27/08/2021 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 03/09/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 14/09/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 28/09/2021 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 16/11/2021 ആഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരി | ഹാജരായി |
| എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

ശ്രീമതി വത്സമ്മ കെ.പി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരി കറുകച്ചാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് നൽകിയ മറുപടി വ്യക്തമല്ലെന്നും ടിയാൾ ആവശ്യപ്പെട്ട രീതിയിലുള്ള മറുപടി അല്ല നൽകിയിരിക്കുന്നതെന്നും ആയതിനാൽ ടിയാളുടെ വിവരാവകാശ അപേക്ഷയ്ക്ക് വ്യക്തമായ മറുപടി നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്നുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

I. കറുകച്ചാൽ പഞ്ചായത്തിൽ 10–ാം വാർഡിൽ 2010 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെ നടത്തിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാം എന്നും

II. 2010 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെ മേൽപ്പടി വാർഡിൽ വികസന പ്രവർത്തനങ്ങൾക്കായി കേന്ദ്ര/സംസ്ഥാന സർക്കാരിൽ നിന്നും ലഭിച്ച തുക എത്രയെന്നും ചെലവായ തുക എത്ര? വികസന പ്രവർത്തനപ്രകാരം നടപ്പാക്കിയ പദ്ധതികൾ ഓരോ വർഷത്തേയും ഇനം തിരിച്ച്, വികസന പദ്ധതികൾ നടപ്പാക്കി കഴിച്ചുള്ള നീക്കിയിരിപ്പ് ഓരോ വർഷത്തേയും എത്ര എന്നും

III. മേൽപ്പടി കാലയളവിൽ കറുകച്ചാൽ പഞ്ചായത്തിൽ നിന്നും 10-ാം വാർഡിലേക്ക് ആരോഗ്യപ്രവർത്തനത്തിനു വേണ്ടിയും ചികിത്സാ ധനസഹായത്തിനുമായി കേന്ദ്ര/സംസ്ഥാന സർക്കാർ നൽകിയ തുക എത്രയെന്നും ചികിത്സാധനസഹായം കൈപ്പറ്റിയവരുടെ വിവരങ്ങൾ മേൽവിലാസം സഹിതം നൽകണമെന്നും മറ്റുമായി 16 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയ്ക്ക് 21/06/2021 തീയതി എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

3. എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീമതി വത്സമ്മ കെ.പി., 26.5.2021-ന് വിവരാവകാശ നിയമപ്രകാരം എതിർകക്ഷി ഓഫീസിൽ സമർപ്പിച്ച അപേക്ഷയിൽ 2010 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെ 10-ാം വാർഡിലെ വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക, പദ്ധതികൾ, ധനസഹായം കൈപ്പറ്റിയവർ തുടങ്ങി 16 ചോദ്യങ്ങൾക്കുള്ള മറുപടിയാണ് ആവശ്യപ്പെട്ടിരുന്നതെന്നും പദ്ധതി സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിലെ വിവിധ ഉദ്യോഗസ്ഥരുടെ കൈവശമുള്ളവയായിരുന്നു എന്നും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് ലഭ്യമാക്കുകയാണ് ചെയ്തിട്ടുള്ളതെന്നും 2010 മുതൽ 2021 വരെയുള്ള 12 വർഷത്തെ വിവരങ്ങളിൽ നിന്നും ഒരു വാർഡിലെ മാത്രം വിവരങ്ങൾ കണ്ടെത്തി നൽകേണ്ട സാഹചര്യത്തിലാണ് അപേക്ഷകയ്ക്ക് പകർപ്പ് നൽകുന്നതിൽ കാലതാമസം നേരിട്ടതെന്നും പദ്ധതി വിവരങ്ങൾ വാർഡ് തലത്തിൽ ക്രോഡീകരിച്ച് അല്ല സൂക്ഷിച്ചിരിക്കുന്നതെന്നും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ വീട് മെയിന്റനൻസ് ഭവന നിർമ്മാണം എന്നീ പദ്ധതികളെ സംബന്ധിച്ച മറുപടി വി.ഇ.ഒ. എഴുതി നൽകുകയും ആയതിന്റെ പകർപ്പ് അപേക്ഷകയ്ക്ക് അനുവദിക്കുകയാണ് ചെയ്തിട്ടുള്ളതെന്നും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർ ആണെങ്കിലും പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ ടി ഓഫീസിൽ നിന്നും വിവരം നൽകുകയാണുണ്ടായതെന്നും വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നൽകിയ

മറുപടി അതേപടി അപേക്ഷകയ്ക്ക് കൈമാറുകയാണ് ചെയ്തിട്ടുള്ളതെന്നും വീട് മെയിന്റനൻസ് ഭവന നിർമ്മാണം എന്നിവയുടെ 12 വർഷത്തെ രജിസ്റ്ററുകൾ നൂറിൽപ്പരം പേജുകളുള്ളതിനാലാണ് മറുപടി എഴുതി നൽകിയിട്ടുള്ളതെന്ന് വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ അറിയിച്ചിട്ടുണ്ടെന്നും അപേക്ഷകയ്ക്ക് മറുപടി നൽകുന്നതിൽ കാലതാമസം വരുത്തിയിട്ടില്ലെന്നും വി.ഇ.ഒ.യിൽ നിന്നും ലഭിച്ച വിവരങ്ങൾ അതേപടി കൈമാറുകയാണ് ചെയ്തിട്ടുള്ളതെന്നുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരി സമർപ്പിച്ച അപേക്ഷയിലെ വിവരങ്ങൾ എതിർകക്ഷി ഓഫീസിൽ ക്രോഡീകരിച്ച് സൂക്ഷിച്ചവയല്ലെന്ന് കമ്മീഷന് ബോധ്യമാകുന്നു. ഹർജിക്കാരിയുടെ അപേക്ഷയിൽ ഉന്നയിച്ച പ്രകാരമുള്ള സാങ്കൽപ്പിക ചോദ്യങ്ങൾ, രേഖകളുടെ വിശദീകരണം, വ്യാഖ്യാനം, സ്പഷ്ടീകരണം, വിവരാവകാശ ഓഫീസറുടെ വ്യക്തിപരമായ അഭിപ്രായം തേടുന്ന ചോദ്യങ്ങൾ, വിവരങ്ങൾ ക്രോഡീകരിച്ച് നൽകണമെന്ന ആവശ്യം തുടങ്ങിയവ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല. തന്നെയുമല്ല ഹർജിക്കാരി ആവശ്യപ്പെട്ട ബ്രഹത്തായ ചോദ്യങ്ങൾക്കുള്ള മറുപടി ക്രോഡീകരിച്ച് നൽകുന്നത് പഞ്ചായത്ത് ഓഫീസ് പോലുള്ള സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനത്തെ സാരമായി ബാധിക്കുമെന്നും ആയത് പൊതുജനങ്ങൾക്ക് ടി ഓഫീസിൽ നിന്നും ലഭിക്കുന്ന സേവനങ്ങളെ തടസ്സപ്പെടുത്തുമെന്നും കമ്മീഷൻ നിരീക്ഷിക്കുന്നു. ആയതിനാൽ എതിർകക്ഷി ഓഫീസിലെ ലഭ്യമായ രേഖകൾ നേരിട്ട് പരിശോധിച്ച് ആവശ്യമായ രേഖകളുടെ പകർപ്പുകൾ ഫീസൊടുക്കി എടുക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ഒരിക്കൽ കൂടി എതിർകക്ഷി ഹർജിക്കാരിക്ക് നൽകേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. എതിർകക്ഷി നൽകിയ 21.6.2021-ലെ മറുപടിയിൽ ഒന്നാം അപ്പീൽ അധികാരിയുടെ വിലാസം വ്യക്തമായി രേഖപ്പെടുത്തിയിരുന്ന സാഹചര്യത്തിൽ അപ്രകാരം ഒന്നാം അപ്പീൽ നൽകി ആയതിന് ലഭിക്കുന്ന മറുപടി കൂടി പരിശോധിച്ച് ആക്ഷേപമുള്ളപക്ഷമാണ് ഹർജിക്കാരി കമ്മീഷനെ സമീപിക്കേണ്ടിയിരുന്നത് എന്ന കാര്യം ഹർജിക്കാരിയെ കമ്മീഷൻ ഓർമ്മപ്പെടുത്തുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 നവംബർ 22-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

us